പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1735 11.2.2013 ൽ മറുപടിയ്ക്ക്

വിള ഇൻഷ്വറൻസ് പദ്ധതി

| ചോദ്യം<br>ശ്രീ.പി.കെ.ബഷീർ | | മറുപടി<br>ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യയിലൂടെ നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ് ; | എ) | കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇന്ത്യയിലൂടെ നടപ്പിലാക്കുന്ന ദേശീയ വിള ഇൻഷ്വറൻസ് പദ്ധതിയിലും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിലും പ്രഖ്യാപിത വിളകളുടെ ആവശ്യത്തിനായി വായ്പ എടുത്ത കർഷകർ നിർബന്ധമായും പദ്ധതികളിൽ അംഗങ്ങളായിരിക്കണം.കൃഷി ആവശ്യത്തിനായി വായ്പ എടുക്കാത്തവർക്കും പദ്ധതിയിൽ അംഗമാകാം. പാട്ടകൃഷി ചെയ്യുന്ന കർഷകർ ഉൾപ്പെടെ അതാത് പ്രഖ്യാപിത പ്രദേശങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രഖ്യാപിത വിളകൾ കൃഷി ചെയ്യുന്ന എല്ലാ കർഷകർക്കും പദ്ധതിയിൽ അംഗമാകാവുന്നതാണ്. |
| ബി) | ഏതെല്ലാം വിളകൾക്കാണ് പ്രസ്തുത പദ്ധതിയിൻ കീഴിൽ ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത് ; വ്യക്തമാക്കുമോ ? | ബി) | പ്രസ്തുത പദ്ധതികളിൽ ഓരോ വിളയ്ക്കും ഓരോ സീസണിലും പ്രഖ്യാപിത പ്രദേശങ്ങളെ സംസ്ഥാന സർക്കാർ തീരുമാനിക്കുന്നു. ദേശീയ വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഖാരീഫ് സീസണിൽ നെല്ല്, വാഴ,മരച്ചീനി, ഇഞ്ചി, മഞ്ഞൾ, പൈനാപ്പിൾ എന്നീ വിളകൾക്കും റാബീ സീസണിൽ നെല്ല്, വാഴ,മരച്ചീനി എന്നീ വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഖാരീഫ് വിളക്കാലത്തെ പാലക്കാട് ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ നെൽകൃഷിയ്ക്കും ഇടുക്കി, വയനാട് ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട ബ്ലോക്കുകളിൽ കുരുമുളകിനുമാണ് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നത്. റാബി വിളക്കാലത്തെ പാലക്കാട് ജില്ലയിൽ നെൽകൃഷിയ്ക്കും, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മലപ്പുറം ജില്ലകളിൽ കശുമാവിനും ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുന്നു. |

സെക്ഷൻ ഓഫീസർ